**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3318** **01-03-2023 - ൽ മറുപടിയ്ക്ക്**

**വസ്തു തരംമാറ്റത്തിന് നൽകിയ അപേക്ഷ തീർപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ ചെറുവയ്ക്കൽ വില്ലേജിൽ തണ്ടപ്പേർ നമ്പർ 12695-ൽ ശ്രീമതി. സൂസമ്മ ജോസഫിന്റെ വസ്തു തരംമാറ്റത്തിനുള്ള 1/2022/771581 നമ്പർ ഓൺലൈൻ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ശ്രീമതി. സൂസമ്മ ജോസഫ് 09/12/2022-ൽ സമർപ്പിച്ച അപേക്ഷ, റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട്, 22/12/2022-ന് വില്ലേജ് ഓഫീസർക്കും കൃഷി ഓഫിസർക്കും കൈമാറിയിരുന്നു. ഇരു ഓഫീസർമാരിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുള്ളതുമാണ്. |
| (ബി) | ആയത് സംബന്ധിച്ച് കൃഷിഓഫീസറുടെയും വില്ലേജ് ഓഫീസറുടെയും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | ശ്രീമതി. സൂസമ്മ ജോസഫ് 09/12/2022-ൽ സമർപ്പിച്ച അപേക്ഷ, റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട്, 22/12/2022-ന് വില്ലേജ് ഓഫീസർക്കും കൃഷി ഓഫിസർക്കും കൈമാറിയിരുന്നു. ഇരു ഓഫീസർമാരിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത അപേക്ഷയിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിൽ ഉണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം വിശദീകരിക്കാമോ; ആയത് എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് വ്യക്തമാക്കാമോ? | (സി) | ഓൺലൈനായി മാത്രം അപേക്ഷകൾ സ്വീകരിയ്ക്കുവാൻ തുടങ്ങിയത് 2022 ഫെബ്രുവരി മാസം മുതലാണ്. അതിനുമുമ്പ് ഓഫ് ലൈനായി ലഭിച്ചിരുന്ന അപേക്ഷകൾ നടപടി കൈക്കൊള്ളുന്നതിനായി അവശേഷിച്ചിരുന്നതിനാൽ അതിനു ശേഷം മാത്രമാണ് ഓൺലൈൻ അപേക്ഷകളിൽ നടപടി ആരംഭിച്ചിട്ടുള്ളത്.<br><br>മുൻഗണനാക്രമം പാലിച്ചു കൊണ്ട് അപേക്ഷകൾ തീർപ്പാക്കണമെന്ന് എല്ലാ ആർ. ഡി.ഒ മാർക്കും സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയർ മുഖേന നിർദ്ദേശം നല്കിയിട്ടുള്ളതാണ്.<br><br>ശ്രീമതി. സൂസമ്മ ജോസഫ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് 09.12.2022നാണ്. ആയതിന് മുമ്പേ ലഭിച്ചിട്ടുള്ള അപേക്ഷകൾ നടപടി എടുക്കുന്നതിന് അവശേഷിക്കുന്നതിനാലാണ് ഈ ഫയലിൽ തീർപ്പ് കല്പിക്കുവാൻ കാലതാമസം ഉണ്ടായിട്ടുള്ളത്. ഓൺലൈൻ വഴി ലഭ്യമായ അപേക്ഷകളിൽ യുദ്ധകാലാടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ടി ഫയൽ നിലവിൽ തിരുവനന്തപുരം സബ് കളക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്കായ സുഖേഷ്.പി യുടെ പക്കലാണ്. |

സെക്ഷൻ ഓഫീസർ